സംസ്ഥാനത്തെ കരിമണൽ ഖനനം

133 [1309] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് കരിമണൽ ഖനനം നടത്തുവാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശത്ത് ആണെന്നും ഏതേത് ഏജൻസികൾക്കാണ് ഉത്തരവ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തുനിന്ന് കരിമണൽ ഖനനം നടത്തുവാൻ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചവറ മുതൽ അഴീക്കൽവരെയുള്ള തീരപ്രദേശത്ത് 8 ബ്ലോക്കുകളായി തിരിച്ച് ഒന്നിടവിട്ട ബ്ലോക്കുകൾ ഐ.ആർ.ഇ.എൽ.-നും കെ.എം.എം.എൽ.-നുമായി ഖനനത്തിനായി വീതിച്ചു നൽകിയിട്ടുണ്ട്. കൂടാതെ, സംയുക്ത സംരംഭമായ കെ.ആർ.ഇ.എം.എൽ. എന്ന സ്ഥാപനത്തിന് ആറാട്ടുപുഴ വില്ലേജിലെ കടൽത്തീരത്ത് നാലു ബ്ലോക്കുകളിൽ കരിമണൽ ഖനനം ചെയ്യാനുള്ള പ്രാഥമിക അനുമതി നൽകിയിട്ടുണ്ട്. വിവിധ കേന്ദ്രസർക്കാർ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസുകൾക്കും തദ്വാര ഉള്ള നിബന്ധനകൾക്കും വിധേയമായി മാത്രമേ ഈ അപേക്ഷകളിൻമേൽ അന്തിമ ഖനനാനുമതി നൽകാൻ കഴിയുകയുള്ളു.

(സി) ഉണ്ട്.

(ഡി) കൊല്ലം ജില്ലയിൽ നീണ്ടകര മുതൽ കായംകുളം പൊഴിവരെ ഖനനം ചെയ്യുന്നതിന് ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിനും, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിനും നിലവിൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, കായംകുളം പൊഴിക്ക് വടക്കു ഭാഗത്ത് ആലപ്പാട്, തൃക്കുന്നപ്പുഴ, പുറക്കാട് വില്ലേജുകളിൽ ഖനനം ചെയ്യുന്നതിന് കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടൈൽസ് എന്ന കമ്പനിക്കും, കേരള റെയർ എർത്ത് ആന്റ് മിനറൽസ് എന്ന കമ്പനിക്കും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് മേൽപ്പറഞ്ഞ കമ്പനികളുടെ ഏതാനും അപേക്ഷകളിൽ അനുമതി നൽകിയെങ്കിലും, പിന്നീട് പൊതുജനങ്ങളിൽ ഉണ്ടായ ആശങ്ക കണക്കിലെടുത്ത് പ്രസ്തുത അനുമതി നിർത്തിവച്ചിരിക്കുകയാണ്.

GPM. 2/567/2012—21

LIBRARY ARCHIVES Kerala Legislative Assembly